സിറാജുന്നിസ്സാ വധം

79 (79) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് സിറാജുന്നിസ്സാ വധം സംബന്ധിച്ച് കോടതി വിധി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സർക്കാർ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) കേസ് അന്വേഷണത്തിനായി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത് ;

(ഡി) കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) കുറ്റക്കാർ ആരെല്ലാമാണ്. എന്നത്തേയ്ക്ക് അറസ്റ്റ് ചെയ്യും ?

ഉത്തരം

(എ-ഇ) സിറാജുന്നീസ മരണപ്പെട്ട കാരണം സംബന്ധിച്ച് സി.ബി.ഐ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുന്ന ഹർജി കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതിയുടെ തീരുമാനം വന്ന ശേഷമേ ഇക്കാര്യത്തിൽ സർക്കാരിന് അന്തിമതീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

കൂത്തുപറമ്പ് വെടിവെയ്പ് കേസിലെ പ്രതികൾ

80 (80) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് വെടിവയ്പുമായി ബന്ധപ്പെട്ട് കൊലപാതക കേസിൽ പ്രതികളാക്കിയ ഡെപ്യൂട്ടി കളക്ടർ ടി. ടി. ആന്റണി, തലശ്ശേരി എ.എസ്.പി. രവതാ ചന്ദ്രശേഖർ, 14 പോലീസ് കോൺസ്റ്റബിൾമാർ എന്നിവർ ഹൈക്കോടതിയിൽ നൽകിയ കേസ്സിലെ വിധിയെന്തായിരുന്നു ;

(ബി) അതിന്റെ വിശദവിവരം നൽകുമോ ;

ഉത്തരം

(എ&ബി) ഡെപ്യൂട്ടി കളക്ടർ ടി.ടി. ആന്റണി, ഫയൽ ചെയ്ത ഒ.പി. നം.3408/98 രവതാ ചന്ദ്രശേഖർ, ഐ.പി.എസ് ഫയൽ ചെയ്ത ഒ.പി.നം.24401/98 14 കോൺസ്റ്റബിൾമാർ ഒന്നിച്ച് ഫയൽ ചെയ്ത ഒ.പി.നം.23072/99 എന്നീ മൂന്ന് കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി 29-11-1999-ന് തീർപ്പ് കൽപ്പിച്ച് പുറപ്പെടുവിച്ച പൊതുവിധിന്യായത്തിൽ കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 268/97 കേസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെയും കുറിച്ച് സി.ബി.ഐ.യിലെ ഉന്നതോദ്യോഗസ്ഥർ പുതുതായി അന്വേഷിക്കണമെന്നും കേരള പോലീസിന്റെ ഫയലുകളും നിഗമനങ്ങളും നോക്കണമെന്നും വേണ്ടവണ്ണം അന്വേഷണം നടത്തിയശേഷം എത്തിച്ചേരുന്ന സ്വന്തം നിഗമനങ്ങൾ പ്രകാരമുള്ള ഒരു റിപ്പോർട്ട് ഫയൽ ചെയ്യണമെന്നും ഉത്തരവായി. ഈ വിധി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly